CYAN MAGENTA YELLOW BLACK



ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

# ബർട്രാന്റ് റസ്സൽ

പള്ളിയറ ശ്രീധരൻ

ഗണിതശാസ്ത്രം, തത്ത്വശാസ്ത്രം, മനഃശാസ്ത്രം, വിദ്യാഭ്യാസം, സാഹിത്യം തുടങ്ങി അനേകം വിഷയങ്ങളിൽ മൗലിക സംഭാവനകൾ നല്കിയ ഒരു ബഹുമുഖ പ്രതിഭയായിരുന്നു ബർട്രാന്റ് റസ്സൽ. ബ്രിട്ടൻകാരനായ റസ്സലിന്റെ മുഴുവൻ പേര് ആർതർ വില്യം ബർട്രാന്റ് റസ്സൽ എന്നായിരുന്നു. മൂന്നാം റസ്സൽ പ്രഭു എന്നും അറിയപ്പെട്ടിരുന്നു. 1872 മെയ് 18നാണ് ജനനം.

ചെറുപ്പത്തിൽതന്നെ പിതാവും മാതാവും നഷ്ടപ്പെട്ട റസ്സൽ മുത്തച്ഛനായ ജോൺ റസ്സൽ പ്രഭുവിന്റെ സംരക്ഷണത്തിലാണ് വളർന്നത്. പാർലമെണ്ടറി പരിഷ്കാരങ്ങളുടെ ശക്തനായ ഒരു ശില്പിയായിരുന്നു ജോൺ റസ്സൽ പ്രഭു.

രാഷ്ട്രീയ പശ്ചാത്തലമുള്ള കുടുംബത്തിൽ ജനിച്ച റസ്സൽ കുടുംബപാരമ്പര്യമനുസരിച്ച് ഒരു രാഷ്ട്രീയക്കാരനാവേണ്ടതായിരുന്നു. പക്ഷേ, മറ്റ് രംഗങ്ങളിലായിരുന്നു റസ്സലിന് താത്പര്യം. കുറച്ചുകാലം ട്രിനിറ്റി കോളജിൽ അധ്യാപകനായി ജോലിചെയ്തു.



ബർട്രാന്റ് റസ്സൽ

തികഞ്ഞ സ്വാതന്ത്ര്യവാദിയായിരുന്നു റസ്സൽ. ജീവിതകാലം മുഴുവൻ അഭിപ്രായസംഘട്ടനങ്ങളുടെ ഇടയിലാണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് പറയാം. സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും സമത്വത്തിന്റെയും വക്താവായ റസ്സലിന് അചഞ്ചലമായ തന്റെ ആദർശത്തിന്റെ പേരിൽ ധാരാളം പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 1963ൽ അദ്ദേഹം പീസ് ഫൗണ്ടേഷൻ സ്ഥാപിച്ചു. സമാധാനത്തിനു വേണ്ടി വാദിച്ച അദ്ദേഹത്തിന് ഒന്നാം ലോകമഹായുദ്ധകാലത്ത് ആറുമാസം ജയിലിൽ കഴിയേണ്ടിയും വന്നു. ഈ ജയിൽവാസത്തിനിടയിലാണ് "Introduction to Mathe-matical Philosophy" എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചത്.

ഗണിതവും തർക്കവുമായി ബന്ധപ്പെടുത്തി മൂന്നു വാള്യങ്ങളുള്ള 'പ്രിൻസിപ്പിയ മാത്തമാറ്റിക്ക' എന്ന ഗ്രന്ഥം 1910-13 കാലയളവിൽ രചിച്ചു. ഈ ഗ്രന്ഥരചനയിൽ എ. എൻ. വൈറ്റ് ഹെഡ് എന്ന ശാസ്ത്രജ്ഞനും സഹകരിച്ചിരുന്നു. ഈ ഗ്രന്ഥം ഒരു ഗണിതശാസ്ത്രക്ലാസ്സിക്ക് ആയി അറിയപ്പെടുന്നു.

തികഞ്ഞ സ്വാതന്ത്ര്യവാദിയായിരുന്നു റസ്സൽ. ജീവിതകാലം മുഴുവൻ അഭിപ്രായസംഘട്ടനങ്ങളുടെ ഇടയിലാണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് പറയാം. സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും സമത്വത്തിന്റെയും വക്താവായ റസ്സലിന് അചഞ്ചലമായ തന്റെ ആദർശത്തിന്റെ പേരിൽ ധാരാളം പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 1963ൽ അദ്ദേഹം പീസ് ഫൗണ്ടേഷൻ സ്ഥാപിച്ചു. സമാധാനത്തിനു വേണ്ടി വാദിച്ച അദ്ദേഹത്തിന് ഒന്നാം ലോകമഹായുദ്ധകാലത്ത് ആറുമാസം ജയിലിൽ കഴിയേണ്ടിയും വന്നു. ഈ ജയിൽവാസത്തിനിടയിലാണ് "Introduction to Mathematical Philosophy" എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചത്.

ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം റസ്സൽ രാഷ്ട്രീയ, സാമൂഹ്യരംഗങ്ങളിൽ വ്യാപൃതനായി. രാഷ്ട്രീയം, മതം, ലൈംഗികത, മനഃശാസ്ത്രം തുടങ്ങിയവയിൽ ശരാശരി അഭിപ്രായങ്ങളിൽ നിന്ന് ഭിന്നമായി സ്വന്തം അഭിപ്രായങ്ങൾ യാതൊരു മടിയും കൂടാതെ തുറന്നു പ്രഖ്യാപിച്ചു. ഇത് യാഥാസ്ഥിതികരെ വളരെയധികം പ്രകോപിപ്പിക്കുകയുണ്ടായി. 1940ൽ ന്യൂയോർക്കിലെ സിറ്റി കോളജിൽ പ്രൊഫസറായി ജോലികിട്ടിയെങ്കിലും, ജോലിയിൽ പ്രവേശിക്കാൻ ഭരണാധികാരികൾ സമ്മതിച്ചില്ല. സദാചാരത്തെക്കുറിച്ച് അദ്ദേഹം പുറപ്പെടുവിച്ച അഭിപ്രായങ്ങൾ ചൂണ്ടിക്കാട്ടി ഉദ്യോഗത്തിന് അയോഗ്യത കല്പിക്കുകയായിരുന്നു.

പടിഞ്ഞാറൻ ദാർശനികതയുടെ ചരിത്രം (1945), വിവാഹവും ധർമബോധവും, സന്തുഷ്ടിയെ കീഴടക്കൽ, സ്വാതന്ത്ര്യവും സംഘടനയും എന്നിവ ഉൾപ്പെടെ എഴുപതോളം ഗ്രന്ഥങ്ങൾ റസ്സൽ രചിച്ചു. അദ്ദേഹത്തിന്റെ രചനകളെ അടിസ്ഥാനമാക്കി 1950ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നല്കി ആദരിക്കുകയുണ്ടായി. ഇംഗ്ലണ്ടിലെ ഏറ്റവും വലിയ ബഹുമതികളിലൊന്നായ 'Order of Merit' അദ്ദേഹത്തിന് ലഭിച്ചു. 1970 ഫെബ്രുവരി രണ്ടിന് ബർട്രാന്റ് റസ്സൽ അന്തരിച്ചു.

---

>> 7

## ചെരിഞ്ഞ അച്ചുതണ്ടിൽ തന്നെയാണ് ഭൂഗോളം തിരിയുന്നത്...!

ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും ഇടതുചിന്തകനുമായ പ്രഭാത് പട്നായിക് പോലും ലാവ്‌ലിൻ കേസിൽ ഇടതുപക്ഷമെടുത്ത നിലപാടിനെ സംശയിക്കുകയാണ്. ഇടതുകക്ഷികളുടെ അടിത്തറയ്ക്ക് ഇളക്കം തട്ടിയെന്ന്, വൈകിവന്ന വിവേകത്തോടെ സിപിഐ ജനറൽ സെക്രട്ടറി എ.ബി.ബർദാൻ ഖേദിക്കുമ്പോഴും , പിടിപ്പുകേടിന്റെ നാനാർത്ഥങ്ങളിലേക്ക് ഇനിയും ആരെല്ലാം കടന്നുവരാനിരിക്കുന്നു?

പക്ഷേ, ലാവ്‌ലിൻ കേസിൽ തന്റെ നിലപാടിൽ നിന്ന് പിന്നോട്ടില്ലെന്ന വാശി അച്യുതാനന്ദന്റെ രക്തത്തിനും മാംസത്തിനുമായി വാളോങ്ങിയവരെ നിരാശരാക്കി! മറ്റു പിബി അംഗങ്ങളായ സീതാറാം യെച്ചൂരിയും മണിക്ക് സർക്കാരും വൃന്ദാ കാരാട്ടും എം.കെ. പാന്ഥെയും വിഎസിനെ പിന്തുണയ്ക്കുകയായിരുന്നു. ഒരു വയോധികനെ വലിച്ചിഴയ്ക്കാനുള്ള ഹീനതന്ത്രം പൊട്ടിപ്പൊളിഞ്ഞതിന്റെ ജാള്യതയാണ് തുടർന്ന് സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിൽ ദൃശ്യമായത്. സംശയത്തിന്റെ കരിനിഴലിലേക്ക് എത്ര പെട്ടെന്ന് കടന്നുകയറാൻ കഴിഞ്ഞു ജനറൽ സെക്രട്ടറിക്ക്, ഇതുവഴി.

അതാര്യമായ സന്ദിഗ്ധാവസ്ഥ പിന്നിട്ടും അർത്ഥമാനങ്ങളെ തകിടം മറിച്ചും സത്യം അതിന്റെ വിലസ്ഥിരത ഉറപ്പുവരുത്താറുണ്ട്; വിപൽസാധ്യതകളെ മറികടന്ന്. തകരാതെ നോക്കിയ പ്രസ്ഥാനം തളിരിടേണ്ട കാലത്ത് നേതൃത്വത്തെ ഉപരോധിക്കാൻ തിരക്കു കാണിക്കുന്ന അണികൾ രാഷ്ട്രീയപ്രതിസന്ധി സൃഷ്ടിക്കുകയാണ്. ഇതെല്ലാം നിരസിക്കാൻ സൗമനസ്യം കാണിക്കുന്ന സൈദ്ധാന്തികന്മാർക്കും ചൂണ്ടിക്കാണിക്കാനാവുന്നില്ല ബദൽ നടപടിക്രമം. അത്ര തറപ്പിച്ചു പറഞ്ഞില്ലെങ്കിലും സിപിഐ ദേശീയ കൗൺസിലിന്റെയും ആർഎസ്പി കേരളഘടകത്തിന്റെയും നിഗമനവും മറ്റൊന്നല്ല.

എൻ.എം. പിയേഴ്സൺ എഴുതിയപോലെ, മാർക്സിസ്റ്റു പാർട്ടിയിൽ അംഗമായി ചേരുന്ന ഒരാൾ ജീവിതത്തെ ഒരു സ്ഥിരനിക്ഷേപമായി കരുതി പാർട്ടിയിൽ നിക്ഷേപിക്കുകയാണ്. ഫിക്സഡ് ഡെപ്പോസിറ്റു പെരുകുന്നതുപോലെ അത് പെരുകും. വർഷങ്ങൾക്കുശേഷം ജോലികളായും ഡയറക്ടർ ബോർഡ് സ്ഥാനങ്ങളായും ചെയർമാൻ പദവികളായും മന്ത്രിപദങ്ങളായും അതു വികസിക്കുന്നു. ജനാധിപത്യത്തിൽ സുതാര്യതയെന്നത് ഭരണത്തിന്റെ ഹൃദയരേഖ പിളർക്കാൻ തക്കവണ്ണം കരുത്തു നേടിയവരുടെ പിൻവിളിയിൽ മയങ്ങുകയാണ്. അതുകൊണ്ടുതന്നെ നേതൃത്വത്തിന്റെ കാര്യപ്രാപ്തി ഒരു കരാറിന്റെ ഒപ്പുകാണത്തിൽ കുരുങ്ങിയത് യാദൃച്ഛികമല്ലെന്ന് വ്യക്തം.

സ്വയംവരം കഴിഞ്ഞ് ദ്രൗപദിയുമായെത്തിയ പാണ്ഡവർ ഒഴിഞ്ഞ കുശവക്കുടിലിന്റെ മുന്നിലെത്തി. ഭീമൻ അടഞ്ഞുകിടക്കുന്ന വാതിൽ മുട്ടിക്കൊണ്ടു വിളിച്ചു: അമ്മേ വാതിൽ തുറക്കൂ, ഇന്നു കിട്ടിയ ഭിക്ഷ കാണണ്ടേ? അമ്മ അകത്തുനിന്നു വിളിച്ചു പറഞ്ഞു: എല്ലാവരും പങ്കിട്ട് അനുഭവിച്ചോളൂ. അർജുനൻ ധനുർബലം കൊണ്ടു നേടിയ ദ്രൗപദിയുടെ ജീവിതം മാറ്റിമറിച്ചത് ആ വായ്ച്ചൊല്ലായിരുന്നു. ക്ഷേമകാലത്തെ ജനപഥത്തെ തന്നെ തൂത്തുമായ്ക്കാൻ കഴിഞ്ഞ മഹായുദ്ധത്തിന്റെ മിന്നലാട്ടം ഒളിച്ചിരുന്നില്ലേ ആ മൊഴിയഴകിൽ?

ലാവ്‌ലിൻ കേസ് രാഷ്ട്രീയപ്രേരിതം എന്ന നിലപാടെടുത്ത സിപിഎം ജനറൽ സെക്രട്ടറിക്കും മറിച്ചൊന്നു പറയാനും, മാറിചിന്തിക്കാനുമില്ല. കേസിൽ അഴിമതിയുണ്ടെന്ന സംശയം നിലനില്ക്കുകയാണെന്ന് സീതാറാം യെച്ചൂരിയും അഴിമതി വ്യക്തമാണെന്ന് പാന്ഥെയും പറയുമ്പോൾ ആരാണ് പ്രതിരോധത്തിലാവുന്നത്? ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദശങ്ങൾ തള്ളിയതിന്റെ കാരണവും പാർട്ടി വ്യക്തമാക്കണമെന്നാണ് പാന്ഥെയുടെ വാദം. പാർട്ടിയുടെ ഒരു തലത്തിലും ചർച്ചയ്ക്ക് വരാത്ത ലാവ്‌ലിൻ കരാർ തലയിലേറ്റിയവർ എതിർവാദങ്ങളിലൊളിക്കുന്നതിന്റെ കാരണം തേടുകയാണ് അച്യുതാനന്ദനും. സമവായത്തിന്റെയും സമന്വയത്തിന്റെയും സ്വരം കേൾപ്പിക്കാനാവാത്തവിധം വഷളായപ്പോൾ പോളിറ്റ് ബ്യൂറോ പ്രശ്നം കേന്ദ്രകമ്മിറ്റിക്ക് വിട്ട് തലയൂരുകയായിരുന്നു. ആരാണ് ഇവിടെ വിജയിച്ചത്? എഴുതിത്തള്ളിയതെന്നും, എറിഞ്ഞുടച്ചതെന്നും, നനഞ്ഞ പടക്കമെന്നും പറഞ്ഞ് വായ്ത്താരി ചൊല്ലിയവർ പുനഃപരിശോധനയ്ക്ക് വന്ന കേസുകെട്ടിനെപ്പറ്റി ഇപ്പോൾ വേവലാതിപ്പെടുന്നതെന്തിന്?

ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും ഇടതുചിന്തകനുമായ പ്രഭാത് പട്നായിക് പോലും ലാവ്‌ലിൻ കേസിൽ ഇടതുപക്ഷമെടുത്ത നിലപാടിനെ സംശയിക്കുകയാണ്. ഇടതുകക്ഷികളുടെ അടിത്തറയ്ക്ക് ഇളക്കം തട്ടിയെന്ന്, വൈകിവന്ന വിവേകത്തോടെ സിപിഐ ജനറൽ സെക്രട്ടറി എ.ബി.ബർദാൻ ഖേദിക്കുമ്പോഴും , പിടിപ്പുകേടിന്റെ നാനാർത്ഥങ്ങളിലേക്ക് ഇനിയും ആരെല്ലാം കടന്നുവരാനിരിക്കുന്നു? കരിമ്പടമിട്ടു മൂടിക്കെട്ടിയ അഴിമതിക്കു ചുറ്റും വെള്ളിച്ചൂരലും ചുഴറ്റിനടക്കുന്ന ദേശത്തുടയോനെ തളയ്ക്കാൻ ഒരു കുറ്റപത്രം കൊണ്ടാവുകയില്ലെന്നിരിക്കെ, അങ്കുശമില്ലാത്ത ചാപല്യങ്ങൾ പുലമ്പുന്നതല്ലേ മൗഢ്യം?

ലാളിത്യം നഷ്ടമായ ആഡംബരത്തിന്റെ ശ്രേഷ്ഠസൃഷ്ടികൾക്ക് മുന്നിൽ എല്ലാം തലതിരിഞ്ഞതാണ്; നീതിയും നിയമവും ഭരണവും ഭരണഘടനയുമെല്ലാം. അച്ചുതണ്ടിൽ തന്നെ ഭൂഗോളം തിരിയുന്നതിലുള്ള അസംതൃപ്തി ഗലീലിയോയെ വിളിച്ചറിയിക്കുന്നവർ! അവരോടാണ് ലാളിത്യത്തിന്റെ ആൾരൂപമായ സിപിഎം നേതാവ് ബാലചന്ദ്രത്രയംബക് രണദിവെ പറഞ്ഞത്: "സുഖജീവിതം അരുത്. അതുശീലിച്ചാൽ നിങ്ങൾ മടിയന്മാരാകും." വിപ്ലവകരമായ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാൻ കഴിയാതാവും. ബി.ടി. ആറിന്റെ പാഠങ്ങൾ മറന്നവർ ഒരു പ്രസ്ഥാനത്തെ മുച്ചൂടും മുടിക്കുന്നതല്ലേ വർത്തമാനകാലം കാണുന്നത്? ഒരു സാമ്പത്തിക കുറ്റാരോപണത്തിന്റെ ന്യായവിധി പ്രതിയെ ഠാണാവിലോ സിംഹാസനത്തിലോ എത്തിക്കുമെന്നിരിക്കെ, സമരങ്ങൾക്ക് ഇടവേള നല്കാത്ത ഒറ്റയാന്റെ പോരാട്ടം ചരിത്രത്തിലെങ്കിലും ആ മഹാനുഭാവൻ ജീവിച്ചിരുന്നുവെന്നതിന് നല്ല തെളിവല്ലേ?

CYAN MAGENTA YELLOW BLACK

ജർമൻ ഡയറി

ജോർജ് കുറ്റിക്കാട്ട്

2

# ജർമനിയെ തകർത്ത ഹിറ്റ്ലറുടെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ

“മൂല്യമില്ലാത്ത ജീവനെ ഇല്ലായ്മ ചെയ്യുക”! ഇതായിരുന്നു ഹിറ്റ്ലറുടെ സിദ്ധാന്തം. രോഗിയോ, അംഗവൈകല്യം സംഭവിച്ചവരോ വർഗസങ്കരം ഉള്ളവരോ എല്ലാം മൂല്യമില്ലാത്തവരാണ്. ഒരു സ്കൂളിലെ ക്ലാസ് പരീക്ഷയുടെ ഒരു ചോദ്യം എങ്ങനെയെന്ന് ശ്രദ്ധിക്കുക. ചോദ്യമിതാണ്: “ഒരു ഭ്രാന്താലയം നിർമിക്കുവാൻ ആറു മില്യൺ ജർമൻ റൈഷ്മാർക്ക് ചെലവു വരും. എന്നാൽ പതിനയ്യായിരം ജർമൻ റൈഷ്മാർക്കുകൊണ്ട് എത്ര ഭ്രാന്താലയങ്ങൾ നിർമിക്കുവാൻ കഴിയും? ഉത്തരം വളരെ വ്യക്തം! അതായത് ഭ്രാന്തുരോഗികളെ രക്ഷിക്കേണ്ടതില്ല, സംരക്ഷിക്കേണ്ടതില്ല, “മൂല്യമില്ലാത്ത ജീവൻ” ഇല്ലായ്മ ചെയ്യുക!

അവ്യക്തമായി വിദ്യാർത്ഥികളെ ഭീകര പ്രവർത്തനത്തിന് തയ്യാറാക്കുകയാണ് ഉദ്ദേശ്യം. “മതമില്ലാത്ത ജീവൻ”, പേരിൽ തന്നെ എന്തു സമാനത! കേരളത്തിലെ പിഞ്ചുകുഞ്ഞുങ്ങളുടെ കുരുന്നു ഹൃദയങ്ങളിൽ മതമില്ലാത്ത, മൂല്യമില്ലാത്ത ജീവനെ നല്കുന്ന കേരള വിദ്യാഭ്യാസമന്ത്രിയും അഡോൾഫ് ഹിറ്റ്ലറും തമ്മിൽ എന്തു വ്യത്യാസം?

ജർമനിയിലെ വിദ്യാലയങ്ങളിൽ എങ്ങനെയാണ് നാസ്സികളുടെ ആധിപത്യം വളർന്നത്? വിദ്യാർത്ഥികളിൽ പുതിയൊരു ദേശീയ അവബോധം ഉണർത്തുക, പുതിയൊരു ആദർശസംസ്കാരം, വർഗബോധം, സെമിറ്റിക്ക് (യഹൂദ) വിരോധം ഇവ ക്രമാതീതമായി രൂപപ്പെടുത്തുകയായിരുന്നു ആദ്യപടി പ്രവർത്തനങ്ങൾ. സ്കൂളുകളിൽ രാഷ്ട്രീയ അതിപ്രസരം സൃഷ്ടിക്കാൻ വളരെ വിദഗ്ധവും നിഗൂഢവുമായ തന്ത്രങ്ങളാണുപയോഗിച്ചത്. ആരിലും സംശയമുളവാക്കാതെയുള്ള അടവുകൾ.

സ്കൂൾമേധാവികളും സഹപ്രവർത്തകരും സമൂഹത്തിലെ ദേശീയ യാഥാസ്ഥിതികരെന്നോ, ജർമൻ നാഷണലിസ്റ്റുകളെന്നോ ഇനം തിരിച്ച് പ്രചാരണം ചെയ്തു. സ്ഥാപനങ്ങളിലും വീടുകളിലും എന്നുവേണ്ടാ, ജർമനിയിൽ എവിടെയും ഹിറ്റ്ലർ അഭിവാദ്യം ഒരു പൊതു ആചാരമായി മാറി. അധ്യാപകരും വിദ്യാർത്ഥികളും മാത്രമല്ല, കുട്ടികളും മാതാപിതാക്കളും സുഹൃത്തുക്കളും എല്ലാവരും “ഗുഡ് മോർണിംഗ്” പറയുന്നതിനു പകരം “ഹൈൽ ഹിറ്റ്ലർ” എന്നു പരസ്പരം അഭിവാദ്യം ചെയ്തു.

എന്നിരുന്നാലും അനേകം പേർ-ഉദ്യോഗസ്ഥരും, സാധാരണജനങ്ങളും-“ഹിറ്റ്ലർ അഭിവാദ്യങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള കണ്ടുമുട്ടലുകളും പ്രസംഗങ്ങളും നടത്തിയിരുന്നു. അതായത് സത്യത്തിന്റെ ഭാഷ എപ്പോഴും മറ്റൊരു ഭാഷയാണെന്ന സാമാന്യ മതം തെറ്റായതിനെ തിരസ്കരിക്കുവാൻ അധൈര്യപ്പെട്ടില്ല. ജർമനിയിലെ ഹെർമൻ ഏലേഴ്സ് ജിംനോസിയത്തിലെ (ഹൈസ്കൂൾ) സ്കൂൾ ഡയറിയിൽ 1956ൽ എഴുതിയ ഒരു കുറിപ്പാണിത്: “ഹിറ്റ്ലർ വാഴ്ചയിലും നമ്മുടെ വിദ്യാലയത്തിന്റെ അന്തസ്സും പരിപാവനതയും നഷ്ടപ്പെട്ടിരുന്നില്ല.” ഇനി മറ്റൊരു സ്കൂളിലെ ഡയറിക്കുറിപ്പ് ഇതാണ്: “ധാർമികതയ്ക്കും സംസ്കാരത്തിനും സംഭവിച്ച പൊതുതകർച്ചയ്ക്ക് വീണ്ടും മൂല്യത തിരികെ ലഭിച്ചത് 1945ൽ ആണ്.” ഇതു സോഷ്യലിസ്റ്റു ജിംനാസിയത്തിലെ ഡയറിയിലാണ് എഴുതിയിരിക്കുന്നത്. ജർമനിയിലെ വിദ്യാലയങ്ങളുടെ സംസ്കാരവും ധാർമികതയും കാത്തുപരിപാലിക്കുന്നതിൽ അതീവരഹസ്യമായി ഉണർന്നിരുന്ന്, കുറഞ്ഞ പക്ഷം, പക്ഷംപിടിക്കലും പകതീർക്കലും കാലുവാരലുമെങ്കിലും ഇല്ലാതെ മാതാപിതാക്കളും കുട്ടികളും ഒരുമിച്ചുനിന്ന് പ്രവർത്തിച്ചു.




സ്കൂൾ ജീവിതത്തിൽ പൊടുന്നനെയുള്ള പരിവർത്തനങ്ങളാണ് നാഷണൽ സോഷ്യലിസ്റ്റുകളുടെ ആധിപത്യകാലത്ത് സംഭവിച്ചത്. എത്ര പെട്ടെന്നാണ് വിദ്യാലയാന്തരീക്ഷത്തിൽ നാഷണൽ സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളും ചിന്തകളും പ്രചരിക്കപ്പെട്ടതെന്ന് ചിന്തിക്കാൻ കൂടി സാധിച്ചിരുന്നില്ലെന്നാണ് ‘ആറൺസ് ജിംനാസിയം’ അധികൃതർ വെളിപ്പെടുത്തിയത്.

നാസ്സി നേതൃത്വത്തിന്റെ മാത്രമല്ല, പ്രാദേശിക ഭരണസ്ഥാപനങ്ങളുടെയും (പഞ്ചായത്ത്, ഗ്രാമസഭകൾ, നഗരസഭകൾ) ശക്തമായ സ്വാധീനവും ഇടപെടലുകളും നിയന്ത്രണങ്ങളും വഴി ജർമൻ നാഷണലിസ്റ്റ് രാഷ്ട്രീയത്തിന്റെ ഭ്രാന്തൻ ചിന്തകളും ആദർശങ്ങളും വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഏറെ സ്വാധീനം ചെലുത്തി. വിദ്യാർത്ഥികൾക്കിടയിൽ സ്കൂളുകളിൽ അധ്യാപകൻ ക്ലാസ്സെടുക്കുമ്പോഴും നിയോ-നാസിസ്റ്റ് ചർച്ചകൾ സജീവമാക്കാൻ ശ്രമിച്ചിരുന്നു. വിദ്യാലയ ചരിത്രം ആനുകാലിക ചരിത്രത്തിന്റെ പ്രതിഫലനമായിരുന്നെന്ന് ഇപ്പോൾ ജർമൻ ജനത സമ്മതിക്കുന്നു.

1933-1945 കാലയളവിൽ നാഷണൽ സോഷ്യലിസ്റ്റുകൾ പെൺകുട്ടികളെ അമ്മമാരാകാനുള്ള പരിശീലനം നല്കുകയെന്ന കുതന്ത്രം ഉപയോഗിച്ചു. അതിനായി സ്കൂളുകളിൽ നാചറൽ സയൻസ് പഠനത്തിനുള്ള സമയം വെട്ടിക്കുറച്ചു. പകരം വർഗസങ്കരണശാസ്ത്രം, വർഗപാരമ്പര്യശാസ്ത്രം, യുദ്ധവും യുദ്ധത്തിനുള്ള തയ്യാറെടുപ്പുകളും തുടങ്ങിയവ പഠിപ്പിക്കുവാൻ കൂടുതൽ സമയം നല്കി. ചില വിദ്യാലയങ്ങൾ പെൺകുട്ടികൾക്ക് മാത്രമായി മാറ്റി.

കൃത്യമായ തീരുമാനങ്ങളോടെ തന്നെ ജർമനിയിലെ സ്കൂളുകളുടെ മുഴുവൻ അധികാരവും നാസ്സിപാർട്ടിയുടെ അധീനതയിലാക്കി. അങ്ങനെ ഫിഹ്റ്റൻബർഗ് സ്കൂളിനെ നാസ്സികളുടെ വരുതിയിലൊതുക്കി. പെൺകുട്ടികൾക്കു പരീക്ഷയെഴുതാതെ തന്നെ സ്കൂൾ വിടുതൽ സർട്ടിഫിക്കറ്റ് നല്കി പറഞ്ഞുവിട്ടിരുന്നു. വർഗവിരോധവും വംശനശീകരണവും ലക്ഷ്യമാക്കി മനുഷ്യജീവനും മതവിശ്വാസത്തിനും ഈശ്വരവിശ്വാസത്തിനും മൂല്യത കല്പിക്കാത്ത സിദ്ധാന്തവുമായാണ് എൻ.എസ്.ഡി.എ.പി (നാസ്സി പാർട്ടി) യുടെ പിടിയിൽ ജർമൻ കലാലയങ്ങളെ ഒതുക്കിനിറുത്തിയത്.

യഹൂദ അധ്യാപകരെയും യഹൂദ പെൺകുട്ടികളെയും സ്കൂളിൽനിന്ന് പുറത്താക്കി. 1934ൽ അനേകം അധ്യാപകരെ കാരണമറിയിക്കാതെ സ്ഥലം മാറ്റുകയോ, പിരിച്ചുവിടുകയോ ചെയ്തു. പകരം പുതിയ സ്കൂൾ മേധാവികളെയും സഹഅധ്യാപകരെയും നിയമിച്ചു. ഗവൺമെണ്ടു സ്കൂളുകളിൽ നാഷണൽ സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങൾ പഠിപ്പിക്കുവാൻ ഹിറ്റ്ലർ റെജിമെണ്ട് നിർദേശം നല്കി. ചില പ്രത്യേക ഉദ്ദേശ്യങ്ങൾവച്ചു ചില സ്കൂളുകളുടെ പേരുകൾ പോലും മാറ്റി. വിദ്യാർത്ഥികൾക്ക് ഫ്ളൈറ്റ് എൻജിനീയറിംഗ്, പൈലറ്റ് പരിശീലനം തുടങ്ങിയവ നടത്താൻ പ്രത്യേക ഉത്തരവുകൾ ഉണ്ടായി.

1939ൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അവസാനവർഷ വിദ്യാർത്ഥികളെ യുദ്ധകാര്യ നിർവഹണത്തിനായി മാറ്റിക്കൊണ്ടിരുന്നു. സ്കൂൾ കെട്ടിടങ്ങൾ യുദ്ധകാര്യാവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ തുടങ്ങി. സ്കൂളുകളിൽ സമയ ബന്ധിത അധ്യയനം ഏർപ്പെടുത്തി. ഒടുവിൽ, വിദ്യാലയങ്ങളെ മുഴുവൻ നാഷണൽ സോഷ്യലിസ്റ്റുകളുടെ വരുതിയിൽ വരുത്തി.

വർഗവിദ്വേഷം, പ്രത്യേകിച്ച് സെമിറ്റിക് വിരോധം -സ്കൂളുകളിൽ നിന്നും യഹൂദ വിദ്യാർത്ഥികളെ ഒഴിവാക്കുക, അവരുടെ വംശനാശം വരുത്തുക എന്ന ലക്ഷ്യത്തിലേക്കു നീങ്ങി. 1938 മുതൽ വിദ്യാലയങ്ങളിൽ ഒരു യഹൂദവിദ്യാർത്ഥിയോ അധ്യാപകനോ പോലും ഇല്ലാതായി. അത്ഭുതപ്പെടുത്തുന്ന ചില വിവരങ്ങൾ, സ്കൂൾ രജിസ്റ്ററുകളിൽ ഒരു വിദ്യാർത്ഥി ആര്യവർഗത്തിലുള്ളതോ യഹൂദനോ സങ്കരവർഗക്കാരനോ എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരുന്നു എന്നതാണ്. അനേകം യഹൂദമാതാപിതാക്കളും നാസ്സി വിരോധികളും അവരുടെ കുട്ടികളെയും കൊണ്ട് മറ്റുരാജ്യങ്ങളിലേക്ക് ഓളിച്ചോടി രക്ഷപ്പെട്ടു.

നാസ്സികളുടെ വിദ്യാഭ്യാസനയവും ഹിറ്റ്ലറുടെ ഐഡിയോളജിയുമെല്ലാം ഇന്നലത്തെ വൻവീഴ്ചകളുടെ, മനുഷ്യവർഗത്തിന് നേർക്കുണ്ടായ കൊലവിളിയുടെ ഭീകരരൂപമായിരുന്നു. “മതമില്ലാത്ത ജീവൻ” നല്കുന്ന കമ്യൂണിസ്റ്റുകളും “മൂല്യമില്ലാത്ത ജീവൻ” ദർശിക്കുന്ന നാസ്സികളും ഒരേ പാതയിലല്ലേ സഞ്ചരിക്കുന്നത്?

*(അവസാനിച്ചു)*

●●●

**നാസ്സികളുടെ വിദ്യാഭ്യാസനയവും ഹിറ്റ്ലറുടെ ഐഡിയോളജിയുമെല്ലാം ഇന്നലത്തെ വൻവീഴ്ചകളുടെ, മനുഷ്യവർഗത്തിന് നേർക്കുണ്ടായ കൊലവിളിയുടെ ഭീകരരൂപമായിരുന്നു. “മതമില്ലാത്ത ജീവൻ” നല്കുന്ന കമ്യൂണിസ്റ്റുകളും “മൂല്യമില്ലാത്ത ജീവൻ” ദർശിക്കുന്ന നാസ്സികളും ഒരേ പാതയിലല്ലേ സഞ്ചരിക്കുന്നത്?**

●●●

***ജർമനിയിലെ വിദ്യാലയങ്ങളിൽ എങ്ങനെയാണ് നാസ്സികളുടെ ആധിപത്യം വളർന്നത്? വിദ്യാർത്ഥികളിൽ പുതിയൊരു ദേശീയ അവബോധം ഉണർത്തുക, പുതിയൊരു ആദർശസംസ്കാരം, വർഗബോധം, സെമിറ്റിക്ക് (യഹൂദ) വിരോധം ഇവ ക്രമാതീതമായി രൂപപ്പെടുത്തുകയായിരുന്നു ആദ്യപടി പ്രവർത്തനങ്ങൾ. സ്കൂളുകളിൽ രാഷ്ട്രീയ അതിപ്രസരം സൃഷ്ടിക്കാൻ വളരെ വിദഗ്ധവും നിഗൂഢവുമായ തന്ത്രങ്ങളാണുപയോഗിച്ചത്. ആരിലും സംശയമുളവാക്കാതെയുള്ള അടവുകൾ.***

CYAN MAGENTA YELLOW BLACK

# ഇടതുസർക്കാർ വിദ്യാഭ്യാസമേഖലയിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു

**ജോർജ് ഫ്രാൻസിസ് തെക്കേക്കര**

ഭരണപരാജയം മറച്ചുവയ്ക്കാനും വിദ്യാഭ്യാസമേഖലയെ കാലഹരണപ്പെട്ട കമ്യൂണിസ്റ്റ് സിദ്ധാന്തങ്ങളുടെ പരീക്ഷണ ശാലയാക്കാനുമുള്ള ഇടതുസർക്കാരിന്റെയും സിപിഎമ്മിന്റെയും ശ്രമങ്ങൾ കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് (എം) മൂവാറ്റുപുഴ നിയോജകമണ്ഡലം പ്രസിഡണ്ട് ജോർജ് ഫ്രാൻസിസ് തെക്കേക്കര പറഞ്ഞു.

കെ.എസ്.സി (എം) മുവാറ്റുപുഴ നിർമലാ കോളജ് യൂണിറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇന്ന് വിദ്യാഭ്യാസമേഖല ഭരിക്കുന്നത് കമ്യൂണിസ്റ്റ് ബുദ്ധിജീവികളുടെ കൂട്ടായ്മയായ ശാസ്ത്രസാഹിത്യ പരിഷത്താണ്. പാഠപുസ്തകങ്ങൾ, ചോദ്യപേപ്പറുകൾ, അധ്യാപന പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങളും ഇവരുടെ മേല്നോട്ടത്തിലാണ് നടക്കുന്നത്.

കഴിഞ്ഞ മൂന്നുവർഷക്കാലമായി കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷം പ്രക്ഷുബ്ധമായത് വിദ്യാഭ്യാസമേഖല നാഥനില്ലാ കളരിയായി മാറിയതിനാലാണ്. ബോധപൂർവമായ നിരവധി തെറ്റുകൾ പാഠപുസ്തകങ്ങളിലും ചോദ്യപേപ്പറുകളിലും ഉണ്ടായിട്ടും ഉന്നതതലങ്ങളിൽ നടപടിയെടുക്കുവാൻ വിദ്യാഭ്യാസവകുപ്പ് മടിക്കുന്നതും ഇതുമൂലമാണ്. താഴേക്കിടയിലുള്ള ഉദ്യോഗസ്ഥന്മാരെ ബലിയാടുകളാക്കി ഇത്തരത്തിലുള്ള വീഴ്ചകൾക്ക് യഥാർത്ഥ കാരണക്കാരായ പാർട്ടിസഹയാത്രികരെ സംരക്ഷിക്കുകവഴി വിദ്യാഭ്യാസമന്ത്രി കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ മൂല്യച്യുതിക്ക് കൂട്ടുനില്ക്കുകയാണ്.



*കെ.എസ്.സി(എം) മുവാറ്റുപുഴ നിർമല കോളജ് യൂണിറ്റ് സമ്മേളനം കേരളാ കോൺഗ്രസ് (എം) നിയോജകമണ്ഡലം പ്രസിഡണ്ട് ജോർജ് ഫ്രാൻസിസ് തെക്കേക്കര പതാക ഉയർത്തി ഉദ്ഘാടനം ചെയ്യുന്നു. യൂണിറ്റ് പ്രസിഡണ്ട് ജീസ് സെബാസ്റ്റ്യൻ, കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ സെക്രട്ടറി ഏബ്രഹാം പൊന്നുംപുരയിടം, കെ.എസ്.സി(എം) സംസ്ഥാന ജനറൽ സെക്രട്ടറി ദീപു ജോൺ, പോളി പുതുശ്ശേരി, ബിനിൽ ജോൺ, ലിബിൻ പോത്തനാംമൊഴി, ജസ്റ്റിൻ ജോർജ്, അഞ്ജു തോമസ്, ഡെഫ്റിൻ ജോസ്, ജോർജ് ജോസഫ് എന്നിവർ സമീപം.*

പുതിയ അധ്യയനവർഷത്തിനുമുന്നോടിയായി ഉന്നതവിദ്യാഭ്യാസമേഖല വീണ്ടും പ്രക്ഷുബ്ധമായിരിക്കുകയാണ്. ഭരണത്തിന് നേതൃത്വം നല്കുന്ന സിപിഎമ്മും അവരുടെ നോമിനിയായ വിദ്യാഭ്യാസമന്ത്രിയും സ്വീകരിക്കുന്ന നിലപാടുകൾ തങ്ങൾ അംഗീകരിക്കാൻ തയ്യാറല്ലെന്ന് മന്ത്രിസഭയിലെ രണ്ടാമത്തെ കക്ഷിയായ സിപിഐ പരസ്യമായി പറഞ്ഞിരിക്കുന്നു.

എസ്.എഫ്.ഐയിലെ തന്നെ ഒരു വിഭാഗം വിദ്യാഭ്യാസമന്ത്രിയുടെ നിലപാടിനെതിരായി ശക്തമായി രംഗത്തുവന്നിരിക്കുന്നു. കഴിഞ്ഞ ദിവസം തിരുവനന്തപുരത്തും മറ്റും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ ആക്രമണം അഴിച്ചുവിട്ട എസ്.എഫ്.ഐ മുൻകാലങ്ങളിൽ തങ്ങൾ സ്വീകരിച്ച കിരാതവാഴ്ച സ്വാശ്രയസ്ഥാപനങ്ങൾക്കെതിരെ വീണ്ടും തുടരും എന്ന മുന്നറിയിപ്പാണ് ഇതുവഴി നല്കിയിരിക്കുന്നത്. ഇക്കാര്യങ്ങളിലെല്ലാം മൗനം പാലിക്കുന്ന വിദ്യാഭ്യാസമന്ത്രി പൂർണപരാജയമാണ്. കഴിഞ്ഞ മൂന്നുവർഷംകൊണ്ട് നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസമേഖലയെ മൂന്നുപതിറ്റാണ്ടോളം ഈ സർക്കാർ പുറകോട്ടു കൊണ്ടുപോയതായും ജോർജ് ഫ്രാൻസിസ് കുറ്റപ്പെടുത്തി.

യൂണിറ്റ് പ്രസിഡണ്ട് ജീസ് സെബാസ്റ്റ്യൻ, കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ സെക്രട്ടറി ഏബ്രഹാം പൊന്നുംപുരയിടം, കെ.എസ്.സി(എം) സംസ്ഥാന ജനറൽ സെക്രട്ടറി ദീപു ജോൺ, പോളി പുതുശ്ശേരി, ബിനിൽ ജോൺ, ലിബിൻ പോത്തനാംമൊഴി, ജസ്റ്റിൻ ജോർജ്, അഞ്ജു തോമസ്, ഡെഫ്റിൻ ജോസ്, ജോർജ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

# വിരമിക്കൽ തീയതി ഏകീകരണം ജീവനക്കാരുമായി ചർച്ച ചെയ്യണം

**എൻ.ജി.ഒ.ഫ്രണ്ട്**

സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരിച്ച് മാർച്ച് മാസത്തിലേക്ക് മാറ്റിയതിനെ തുടർന്ന് സർവീസ് മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രമോഷൻ തടസ്സങ്ങളെയും ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കാൻ വൈകുന്നതിനെത്തുടർന്ന് ഉണ്ടായിരിക്കുന്ന പ്രശ്നങ്ങളെയും സംബന്ധിച്ച് അടിയന്തിരമായി ജീവനക്കാരുമായി ചർച്ച ചെയ്യാൻ തയ്യാറാവണമെന്നും ശമ്പള പരിഷ്കരണ നടപടികൾ ഉടൻ ആരംഭിക്കണമെന്നും എൻ.ജി.ഒ.ഫ്രണ്ട് സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡണ്ട് രഞ്ജിത് ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പി.സി.ജോസഫ്, ജയ്സൺ മാന്തോട്ടം, സജി ചിറയത്ത്, എം.ജെ.എബ്രഹാം, ജോണി എം.ജോൺ, രതീഷ് വി.അഗസ്റ്റ്യൻ, സജീവ് കൊല്ലം, എം.എം. ബിജു, എസ്.സനൽകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം ഉണ്ടാവണമെന്നാവശ്യപ്പെട്ടുകൊണ്ട് ആഗസ്റ്റ് 12നു സെക്രട്ടറിയേറ്റ് ധർണ നടത്താനും യോഗം തീരുമാനിച്ചു.

## നുറുങ്ങറിവുകൾ

# വിശ്രമം ഇല്ലാത്ത അവയവം

മനുഷ്യശരീരത്തിൽ ഏറ്റവുമധികം ഭാരംവഹിക്കുന്നതും ഒരിക്കലും വിശ്രമം ലഭിക്കാത്തതുമായ അവയവം ഏതാണ്?

നമ്മുടെ മനസ്സിൽ ഇപ്പോൾ ഒരു വാക്ക് ഉദിച്ചിട്ടുണ്ട്-കാല്. നില്ക്കുമ്പോഴും നടക്കുമ്പോഴും നമ്മുടെ ഭാരം താങ്ങുന്നത് കാലുകളാണല്ലോ. എന്നാൽ മറ്റ് അവസ്ഥകളിലോ? ഇരിക്കുമ്പോൾ? കിടക്കുമ്പോൾ?

നാം തലയിലും തോളിലും വച്ച് സാധനങ്ങൾ ചുമക്കാറുണ്ട്. കൈകളിൽ തൂക്കിപിടിക്കാറുണ്ട്. അപ്പോഴെല്ലാം അതത് അവയവങ്ങൾ ഭാരംവഹിക്കുന്നു. എന്നാൽ അവയ്ക്കെല്ലാം വിശ്രമിക്കുവാൻ അവസരമുണ്ട്. നമ്മൾ ഏതവസ്ഥയിൽ സ്ഥിതിചെയ്യുമ്പോഴും എന്തെങ്കിലുമൊരുഭാരം വഹിക്കേണ്ടിവരുന്ന ഒരു അവയവമാണ് നട്ടെല്ല്.

ആലോചിച്ചോളു, മനുഷ്യൻ നില്ക്കുന്നു, നടക്കുന്നു, ഓടുന്നു, ചാടുന്നു, ഇരിക്കുന്നു, കിടക്കുന്നു, നീന്തുന്നു, ഭാരം ചുമക്കുന്നു, സവാരിചെയ്യുന്നു. അപ്പോഴെല്ലാം നട്ടെല്ല് ജോലിയിലാണ്. പൂർണവിശ്രമം എന്നു കരുതപ്പെടാവുന്ന ഉറക്കത്തിൽ പോലും!... എങ്കിൽ നട്ടെല്ലിന് എങ്ങനെ വിശ്രമം നല്കാം? യോഗാസനം കൊണ്ട് സാധിക്കാം. ഉദാഹരണം 'തോലാംഗുലാസനം.' യോഗാചാര്യന്മാർ പറഞ്ഞുതരും. ഒപ്പം നട്ടെല്ലിന് ക്ഷതമേല്ക്കാതെ ജീവിക്കുകയും ചെയ്താൽ ആരോഗ്യവും ദീർഘായുസ്സും നേടാം.

**ടി.കെ.മാറിയിടം**

# സുനാമി ദുരന്തം 2004

2004 ഡിസംബർ 26ന് ഇന്തോനേഷ്യയിലെ സുമാത്രാദ്വീപിനടുത്ത് ഇന്ത്യൻ മഹാസമുദ്രത്തിൽ റിക്ടർ സ്കെയിലിൽ തീവ്രത 6.8 രേഖപ്പെടുത്തിയ ഭൂകമ്പത്തെത്തുടർന്നുണ്ടായ വൻ തിരമാലകൾ ഇന്ത്യ ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ രണ്ടരലക്ഷത്തോളം ജീവനുകൾ അപഹരിച്ചു. അസംഖ്യം കന്നുകാലികളും മരിച്ചു. സുനാമി എന്നറിയപ്പെടുന്ന വൻതിരകൾ സൃഷ്ടിച്ച ഈ ദുരന്തം ആധുനിക മനുഷ്യചരിത്രത്തിൽ ഏറ്റവും വലുതാണ്. ഔദ്യോഗിക കണക്കനുസരിച്ച് 1,74,542 പേരുടെ മരണം സ്ഥിരീകരിച്ചു. കണക്കാക്കപ്പെടുന്ന 1,93,623 പേർ മരിച്ചെന്നു കണക്കാക്കപ്പെടുന്നു. (19,000 പേരെ ശ്രീലങ്കയിൽനിന്ന് കാണാതായെന്ന എൽടിടിഇയുടെ പ്രഖ്യാപനം ഇതിലുൾപ്പെടുന്നില്ല). 1,25000 പേർക്ക് പരുക്കേറ്റു. കാണാതായവർ 51,598. വീടും കുടുംബവും നാടും നഷ്ടപ്പെട്ടവർ 15 ലക്ഷം. യഥാർത്ഥ മരണസംഖ്യ ഇപ്പോഴും വ്യക്തമല്ല.



മരണസംഖ്യ രാജ്യങ്ങൾ അനുസരിച്ച്: ഇൻഡോനേഷ്യ (1,26,915), ശ്രീലങ്ക(30,957) ഇന്ത്യ (10,749), തായ്ലൻഡ് (5395), ഇതിൽ 2464 പേർവിദേശ ടൂറിസ്റ്റുകൾ), സോമാലിയ (298), മ്യാൻമാർ(61), മലേഷ്യ(68–74), മാലദ്വീപ് (82), സെയ്ഷെൽസ്(1–3), ടാൻസാനിയ (10), ബംഗ്ലാദേശ് (2), ദക്ഷിണാഫ്രിക്ക (2), കെനിയ (1), യെമൻ(1).

കേരളത്തിൽ കൊല്ലം, ആലപ്പുഴ തീരങ്ങളെയാണ് സുനാമി ഭീകരമായി ആക്രമിച്ചത്. കേരളത്തിൽ 180 പേർ മരിച്ചു. 5805 വീടുകൾ തകർന്നു. രണ്ടായിരത്തോളം പേർക്ക് പരിക്കേറ്റു. കൊല്ലം (132), ആലപ്പുഴ (37), തൃശൂർ (10) കണ്ണൂർ (1) എന്നിങ്ങനെയാണ് മരണസംഖ്യ.

സമുദ്രാന്തർഭാഗത്ത് ഉണ്ടായ ഭൂകമ്പം പത്തുമിനിറ്റോളമാണ് നീണ്ടുനിന്നതെന്ന 2005 മേയിൽ ശാസ്ത്രജ്ഞർ വെളിപ്പെടുത്തി. സാധാരണഗതിയിൽ വൻഭൂകമ്പങ്ങൾ ഏതാനും സെക്കണ്ടുകൾക്കപ്പുറം നീളാറില്ല. ഈ മഹാചലനം ഭൂഗോളത്തെയാകമാനം വിറപ്പിക്കുകയും പല രാജ്യങ്ങളെയും ഏതാനും സെന്റിമീറ്ററുകൾ നീക്കികളയുകയും ചെയ്തു. ഭൂകമ്പത്തോടെ ഇളകിമറിഞ്ഞ കടൽ ആയിരക്കണക്കിന് കിലോമീറ്ററകലെയുള്ള കരകളിലേക്കുപോലും പടുകൂറ്റൻ തിരമാലകളായി ആഞ്ഞടിച്ചുകയറി. പൊടുന്നനെ സമുദ്രജലം പിൻവാങ്ങിയശേഷമാണ് സുനാമിത്തിരകളായി സർവസംഹാരകമായി കരയിലേക്കു കുതിച്ചത്. ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രത്തിൽ നിന്ന് 8000 കിലോമീറ്ററകലെ ദക്ഷിണാഫ്രിക്കയിലെ പോർട്ട് എലിസബത്തിൽ വരെ വൻ തിരമാലകൾ കുതിച്ചുകയറി. ഇൻഡോനേഷ്യക്ക് മേലാണ് കടൽക്കലി ഭയാനകമായി സംഭവിച്ചത്.

ഇന്ത്യയിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകളും തമിഴ്നാടും കേരളവും ആന്ധ്രയും പോണ്ടിച്ചേരിയും ദുരന്ത ഭൂമികളായി. തമിഴ്നാട്ടിലെ നാഗപട്ടണവും കുളച്ചലും കൊല്ലത്തെ അഴീക്കലും മരണത്തിന്റെ നിർദയ നാടകത്തിന് വേദിയായി.

ഇന്ത്യയിലെ സുനാമി പുനരധിവാസ നടപടികൾ ഇനിയും പൂർത്തിയായിട്ടില്ല. പൊതുവെ ദരിദ്രമായപ്രദേശങ്ങളെയാണ് സുനാമി കഠിനമായി ആക്രമിച്ചത്. മത്സ്യത്തൊഴിലാളിഗ്രാമങ്ങൾ കൂട്ടത്തോടെ മുങ്ങിപ്പോയി. വള്ളവും വലയും നഷ്ടപ്പെട്ടു. മത്സ്യബന്ധന വ്യവസായവും വിനോദസഞ്ചാരമേഖലയും വൻ തിരിച്ചടി നേരിട്ടു. സുനാമിക്കുശേഷം എത്രയോ തവണ തുടർചലനങ്ങൾ ഇന്ത്യൻ മഹാസമുദ്രത്തെ അസ്വസ്ഥമാക്കി.

# ന്യൂസ് ഡയറി

**(5–11 ജൂലൈ 2009)**

**പി. ആർ.**



## കേരളം

5. കൊച്ചിരൂപതയുടെ 35-ാമത്തെ ബിഷപ്പായി ഡോ.ജോസഫ് കരിയിൽ, ആർച്ചുബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിൽ സ്ഥാനമേറ്റു.



- അച്ചടക്കലംഘനം ആരോപിച്ച് എം.പി. വീരേന്ദ്രകുമാർ അധ്യക്ഷനായുള്ള ജനതാദൾ (എസ്) സംസ്ഥാന സമിതി ദേശീയ അധ്യക്ഷൻ എച്ച്.ഡി.ദേവഗൗഡ പിരിച്ചുവിടുകയും എൻ.എം.ജോസഫ് അധ്യക്ഷനായുള്ള പുതിയ സംസ്ഥാനസമിതിക്ക് രൂപംനല്കുകയും ചെയ്തു.



6. സ്ത്രീ-പുരുഷസമത്വം എന്നത് ഭരണഘടനയിലെ പ്രഹസനം മാത്രമാണെന്നും അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സ്ത്രീകൾ തീവ്രവാദികളായാലും തെറ്റില്ലെന്നും ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ, ഹൈക്കോടതി ബാങ്കറ്റ് ഹാളിൽ സംഘടിപ്പിച്ച 'സ്ത്രീകളുടെ അവകാശങ്ങളും ഫലപ്രദമായ നിയമസംരക്ഷണ പരിഷ്കാരങ്ങളും' എന്ന സെമിനാറിന്റെ സമാപനസമ്മേളനത്തിൽ പറഞ്ഞു.



- മലയാള സാഹിത്യലോകത്തെ 'ഇമ്മിണി ബല്യ' ഒരാളായിരുന്നു വൈക്കം മുഹമ്മദ് ബഷീറെന്ന്, അദ്ദേഹത്തിന്റെ 15-ാം അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് എം.വി.ദേവൻ.

7. സ്വാശ്രയകരാറിലൂടെ 75 ശതമാനം സീറ്റിലും മാനേജുമെണ്ടുകൾക്ക് കച്ചവടം നടത്താനുള്ള അവസരം വിദ്യാഭ്യാസമന്ത്രി എം.എ.ബേബി ചെയ്തുകൊടുത്തിരിക്കുകയാണെന്ന് എ.ഐ.എസ്.എഫ്.



- ലാവ്ലിൻ കേസിൽ ഇടതുമുന്നണി എടുത്ത നിലപാട് ജനങ്ങൾക്ക് ഒട്ടും വിശ്വാസയോഗ്യമായിരുന്നില്ലെന്ന് ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ പ്രഭാത് പട്നായിക്ക്.

8. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ പയ്യോളി ടൗണിലുള്ള ശാഖയിൽ 20 ലോക്കറുകൾ കുത്തിത്തുറന്ന് ആഭരണങ്ങൾ മോഷ്ടിക്കപ്പെട്ടു.



- പാർട്ടിയിൽ ശുദ്ധീകരണം നടക്കുമ്പോൾ ചില കീടങ്ങൾ തെറിച്ചുപോകുമെന്ന് നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചയ്ക്കിടെ പി.ജയരാജൻ.



9. കെ.ആർ.ഗൗരിയമ്മയുടെ കാർഷിക പരിഷ്കരണ നിയമം കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിന് ഏറെ സഹായകമായെന്ന്, ഗൗരിയമ്മയുടെ നവതി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ.

- ഭരണതന്ത്രജ്ഞനും വൈമാനികനും എഴുത്തുകാരനും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന മൂർക്കോത്ത് രാമുണ്ണി (95) അന്തരിച്ചു.

10. എറണാകുളം കളക്ട്രേറ്റ് സ്ഥിതിചെയ്യുന്ന കാക്കനാട് സിവിൽ സ്റ്റേഷന്റെ അഞ്ചാം നിലയിലുണ്ടായ സ്ഫോടനത്തിൽ ഒരു ഓഫീസ് ജീവനക്കാരനു പരിക്കേറ്റു.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാലപ്പഴക്കവും കേടുപാടുകളും ആശങ്കസൃഷ്ടിക്കുന്നതാണെന്നും എന്നാൽ മുല്ലപ്പെരിയാർ വിഷയം കേരളവും തമിഴ്നാടും ചർച്ചകളിലൂടെ പരിഹരിക്കണമെന്നും കേന്ദ്രസർക്കാർ.



11. ലാവ്ലിൻ കേസിനെയോ കരാറിനെ സംബന്ധിച്ച് ഇടതുമുന്നണി യോഗത്തിൽ ചർച്ച നടന്നതായി ഓർക്കുന്നില്ലെന്ന് ആർ.എസ്.പി. ജനറൽ സെക്രട്ടറി ടി.ജെ.ചന്ദ്രചൂഡൻ.

- 1994 നവംബർ 25ന് കൂത്തുപറമ്പിൽ വച്ച് മന്ത്രി എം.വി.രാഘവനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ പ്രതിചേർക്കപ്പെട്ട 94 സിപിഎം-ഡിവൈഎഫ്ഐ പ്രവർത്തകരിൽ വിചാരണവേളയിൽ ഹാജരായ 25 പ്രവർത്തകരെ കോടതി വെറുതെ വിട്ടു.



## ദേശീയം

5. മധ്യപ്രദേശിലെ ബയ്ർഹാൻ വ്യവസായ മേഖലയിൽ കൽക്കരി ഖനത്തിനുപയോഗിക്കുന്ന സ്ഫോടകവസ്തുക്കൾ നിർമിക്കുന്ന ഫാക്ടറികളിലുണ്ടായ വൻ സ്ഫോടനത്തിൽ 30 മരണം.



- രാജ്യാന്തര ഭീകരസംഘടനകളിൽനിന്നു പോലും വരുൺഗാന്ധിയുടെ ജീവന് ഭീഷണി ഉള്ളതിനാൽ ശക്തമായ സുരക്ഷ നല്കണമെന്ന് അമ്മ മേനകാഗാന്ധി പ്രധാനമന്ത്രിക്കയച്ച കത്തിൽ ആവശ്യപ്പെട്ടു.

6. പി.എഫ്.പലിശ ഇക്കൊല്ലവും എട്ടര ശതമാനമായി തുടരുവാൻ കേന്ദ്ര തൊഴിൽ മന്ത്രി മല്ലികാർജുന ഖാർഗെയുടെ അധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചു.



- മാർക്കു ലിസ്റ്റ് തിരുത്തിയ കേസിൽ പ്രതി ചേർക്കപ്പെട്ട ആൾക്കുവേണ്ടി മദ്രാസ് ഹൈക്കോടതി ജഡ്ജിയെ താൻ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന എ.ഐ.എ.ഡി.എം.കെ ജനറൽ സെക്രട്ടറി ജെ.ജയലലിതയുടെ ആരോപണം അടിസ്ഥാനരഹിതവും രാഷ്ട്രീയ പ്രേരിതവുമാണെന്ന് കേന്ദ്ര മന്ത്രി എ.രാജ.

7. പ്രാദേശിക വ്യവസായ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും തൊഴിലവസരം വർധിപ്പിക്കുന്നതിനുമായി അടുത്ത അഞ്ചുവർഷത്തിനുള്ളിൽ 600 കമ്യൂണിറ്റി കോളജുകൾ തുടങ്ങുമെന്ന് മാനവശേഷി വികസന സഹമന്ത്രി ഡി.പുരന്ദരേശ്വരി.

- അയോധ്യയിലെ ബാബറി മസ്ജിദ് തകർക്കപ്പെട്ടതിനെക്കുറിച്ചുള്ള ജസ്റ്റിസ് ലിബർഹാൻ കമ്മീഷൻ റിപ്പോർട്ട് അപ്രസക്തവും കെട്ടുകഥയുമാണെന്ന് ആർ.എസ്.എസ്.

8. 2009-10 സാമ്പത്തികവർഷത്തിൽ കേന്ദ്രത്തിന്റെ മൊത്തം നികുതി വരുമാനത്തിന്റെ 2.7 ശതമാനമായ 4387.05 കോടി രൂപ സംസ്ഥാന വിഹിതമായി കേരളത്തിന് ലഭിക്കും.



- കേരളത്തിലും പശ്ചിമ ബംഗാളിലും ഇടതുമുന്നണിയെ പരാജയത്തിലേക്കു നയിച്ചത് സിപിഎമ്മിന്റെ കമ്യൂണിസ്റ്റ് വിരുദ്ധ നിലപാടുകളും ഘടകകക്ഷികളോടു പുലർത്തിയ താൻപ്രമാണിത്തവുമാണെന്ന് ദേശീയ കൗൺസിൽ യോഗത്തിൽ സിപിഐ വിലയിരുത്തിയതായി ജനറൽ സെക്രട്ടറി എ.ബി.ബർദാൻ.
- മധുരയിൽ പടക്കഫാക്ടറിയിൽ തീപിടിത്തത്തെ തുടർന്നുണ്ടായ സ്ഫോടനത്തിൽ 15 മരണം.
- രാജ്യാന്തര ഭീകരവാദഗ്രൂപ്പുകളിൽ നിന്നും ജീവന് ഭീഷണി നിലനില്ക്കുന്ന സാഹചര്യത്തിൽ ബിജെപി എം.പി. വരുൺ ഗാന്ധിക്ക് ഇസ്സഡ് കാറ്റഗറി സുരക്ഷ നല്കുമെന്ന് കേന്ദ്രസർക്കാർ.

9. ഗുജറാത്ത് തലസ്ഥാനമായ അഹമ്മദാബാദിൽ ഞായറാഴ്ച ഉണ്ടായ വ്യാജമദ്യദുരന്തത്തിൽ 48 പേർ മരണമടഞ്ഞു.

- ന്യൂഡൽഹി ജുമാ മസ്ജിദിന്റെ 12-ാമത്തെ ഷാഹി ഇമാമായിരുന്ന മൗലാന സഈദ് അബ്ദുല്ല ബുഖാരി (87) അന്തരിച്ചു.



10. ഭീകരരെ വളർത്തിയത് പാകിസ്ഥാനാണെന്ന പ്രസിഡണ്ട് ആസിഫ് അലി സർദാരിയുടെ ഏറ്റുപറച്ചിൽ ഇന്ത്യൻ നിലപാടുകൾക്കുള്ള അംഗീകാരമാണെന്ന് വിദേശകാര്യമന്ത്രി എസ്.എം.കൃഷ്ണ.

- ന്യൂഡൽഹിയിലെ സൈനിക ആസ്ഥാനത്തു നടന്ന ചടങ്ങിൽ സിനിമാതാരം മോഹൻലാലിന് ടെറിട്ടോറിയൽ ആർമിയിലെ ലഫ്റ്റനന്റ് കേണൽ എന്ന കമ്മീഷൻഡ് ഓഫീസർ പദവി സേനാമേധാവി ജനറൽ ദീപക് കപൂർ നല്കി.

11. ഗുജറാത്തിലെ അഹമ്മദാബാദിലുണ്ടായ വിഷമദ്യ ദുരന്തത്തിൽ മരണസംഖ്യ 127 ആയി ഉയർന്നു.

- അൽഷിമേഴ്സ് രോഗബാധിതനായി കഴിഞ്ഞ ആറുമാസം ചികിത്സയിലായിരുന്ന പ്രശസ്ത മറാത്തി കവിയും സംഗീതസംവിധായകനുമായ ശാന്താറാം നന്ദിഗാവോങ്കർ (75) അന്തരിച്ചു.



## വിദേശം

5. പട്ടാളം സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തിയ പ്രസിഡണ്ട് മാനുവൽ സെലെയയെ തൽസ്ഥാനത്ത് പുനഃസ്ഥാപിക്കണമെന്ന ആവശ്യം തള്ളിയതിനെത്തുടർന്ന് അമേരിക്കൻ രാഷ്ട്രങ്ങളുടെ സംഘടനയായ ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ് (ഒ.എ.എസ്) സിൽ നിന്നും ഹോണ്ടുറാസിനെ പുറത്താക്കി.

- ഇന്തൊനേഷ്യയിൽ ജാവയ്ക്കു സമീപം ക്ലാറ്റൺ പ്രദേശത്തെ ആളില്ലാത്ത ലെവൽക്രോസിൽ ട്രെയിൻ ബസ്സിലിടിച്ച് 14 മരണം.

6. ആണവപരീക്ഷണങ്ങളുടെ പേരിൽ യുഎന്നിന്റെ ഉപരോധം നിലനില്ക്കെ ഉത്തരകൊറിയ ഏഴ് ബാലിസ്റ്റിക് മിസൈലുകൾ പരീക്ഷിച്ചു.

- ഭക്ഷ്യസുരക്ഷ, തൊഴിലുറപ്പ്, ഗ്രാമവികസനം എന്നിവയിലൂന്നി പ്രണബ് കുമാർ മുഖർജി അവതരിപ്പിച്ച ബജറ്റ് മികച്ചതാണെന്ന് ഇന്ത്യൻ വംശജനായ പ്രമുഖ വ്യവസായി സ്വരാജ് പോൾ.

7. സൈനിക സഹകരണത്തിനും ആയുധനിയന്ത്രണത്തിനുമുള്ള കരാറിൽ അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമയും റഷ്യൻ പ്രസിഡണ്ട് ദിമിത്രി മെദ്‌വദെവും മോസ്കോവിൽ ഒപ്പുവച്ചു.

- മൈക്കൽ ജാക്സ (50) ന്റെ മൃതദേഹം ഹോളിവുഡ് ഹിൽസിലെ ഫോറസ്റ്റ് ലോൺ സെമിത്തേരിയിൽ സംസ്കരിച്ചു.



- വിയറ്റ്നാം യുദ്ധത്തിൽ തന്ത്രങ്ങൾ ആവിഷ്ക്കരിച്ച അന്നത്തെ യുഎസ് പ്രതിരോധ സെക്രട്ടറി റോബർട്ട് മക്നമാറ (93) അന്തരിച്ചു.



8. ക്രൊയേഷ്യയുടെ ചരിത്രത്തിലെ ആദ്യ വനിതാപ്രധാനമന്ത്രിയായി ജദ്രക കോസോർ (56) ചുമതലയേറ്റു.

- ചൈനയിലെ സിൻജിയാങ് പ്രവിശ്യയിൽ വേൾഡ് ഉഗുർ കോൺഗ്രസ് എന്ന വിഘടനവാദി സംഘടന നടത്തിയ ആക്രമണത്തിൽ 156 മരണം.



9. ഹ്രസ്വകാല ലക്ഷ്യങ്ങൾ നേടാൻ തീവ്രവാദികളെയും ഭീകരപ്രവർത്തകരെയും പാകിസ്ഥാൻ സൃഷ്ടിച്ചുവിട്ടെന്നും ഇവർ ഇപ്പോൾ രാജ്യത്തിനു വൻ ഭീഷണിയായി മാറിയെന്നും പ്രസിഡണ്ട് ആസിഫ് അലി സർദാരി.



- ജോർദാനിൽ നിന്ന് സൗദിയിലേക്ക് സൾഫേറ്റുമായി പോയ ഹൊറൈസൺ - 1 എന്ന തുർക്കി കപ്പൽ ഏഡൻ കടലിടുക്കിൽ സൊമാലിയൻ കടൽക്കൊള്ളക്കാർ റാഞ്ചി.

10. ഇറാഖ് തലസ്ഥാനമായ ബാഗ്ദാദിന് 420 കിലോമീറ്റർ അകലെ അഫാർ പട്ടണത്തിലുണ്ടായ സ്ഫോടനപരമ്പരയിൽ 42 മരണം.



- യു.എസ്. പ്രസിഡണ്ടായി ചുമതലയേറ്റശേഷം ആദ്യമായി ബറാക് ഒബാമ കുടുംബസമേതം വത്തിക്കാനിലെത്തി ബനഡിക്ട് പതിനാറാമൻ മാർപാപ്പയെ സന്ദർശിച്ചു.
- പാകിസ്ഥാനിൽ ന്യൂനപക്ഷമായ സിഖുകാർ താമസിക്കുന്ന ഒറക്സായ് ഉൾപ്പെട്ട ഗോത്രമേഖലയിൽ സൈന്യം നടത്തിയ ഭീകരവേട്ടയിൽ 42 തീവ്രവാദികൾ കൊല്ലപ്പെട്ടു.



11. മൈക്കൽ ജാക്സന്റെ മരണം അമിതമായി മരുന്നുപയോഗിച്ചതുമൂലമാണെന്നു വിശദമായ പരിശോധനയിൽ കണ്ടെത്തിയതായി ദി സൺ പത്രം.

- ദരിദ്രരാജ്യങ്ങളിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താനും ദാരിദ്ര്യനിർമാർജന പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനുമായി രണ്ടായിരം കോടി ഡോളറിന്റെ ഫണ്ട് സ്വരൂപിക്കാൻ ജി-എട്ട് ഉച്ചകോടിയിൽ തീരുമാനം.

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ വാരിക

22 ജൂലൈ 2009
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

**റാപ്പർ ശ്രദ്ധിക്കുക**
**വരിസംഖ്യ പുതുക്കുക**

Prathichaya
NEWS WEEKLY


Email : pratichaya@gmail.com
Website: www.pratichaya.com


PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment


**ഫീച്ചർ**

**പി.ആർ**

# വിയറ്റ്നാം
# അമേരിക്ക പരാജയം അറിഞ്ഞ നാട്

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അമേരിക്കയും സോവിയറ്റുയൂണിയനും നേതൃത്വം നല്കുന്ന രണ്ടു ശാക്തിക ചേരികൾ രൂപപ്പെട്ടു. അമേരിക്കയുടെ നേതൃത്വത്തിലുള്ള സഖ്യം മുതലാളിത്ത ചേരിയെന്നും സോവിയറ്റ് യൂണിയൻ നേതൃത്വത്തിലുള്ളതു കമ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ചേരിയെന്നും അറിയപ്പെട്ടു. ഇരുചേരികളും തമ്മിലുള്ള പരസ്പര വൈരം മൂർച്ഛിച്ചു. ഈ സന്ദർഭത്തിലാണ് ഫ്രഞ്ചുകോളനിവാഴ്ചയിൽനിന്നും വിയറ്റ്നാം മുക്തമായതും ജനീവകരാറിനെത്തുടർന്ന് തെക്കൻ വിയറ്റ്നാം വടക്കൻ വിയറ്റ്നാം എന്നു രണ്ടായി വിഭജിക്കപ്പെട്ടതും. അമേരിക്ക തെക്കൻ വിയറ്റ്നാമിനെ പിന്തുണയ്ക്കുകയും അവർക്കെല്ലാവിധത്തിലുള്ള സഹായങ്ങളും നല്കുകയും ചെയ്തു. സ്വാഭാവികമായും വടക്കൻ വിയറ്റ്നാമിന്റെ ചായ്വ് സോവിയറ്റ് ചേരിയോടായിരുന്നു.

പുതിയ ഭരണാധികാരികൾ കെല്പുകുറഞ്ഞവരുമായിരുന്നു. ദിയെം വധിക്കപ്പെട്ട് മൂന്നാഴ്ച കഴിഞ്ഞപ്പോൾ കെന്നഡിയും വധിക്കപ്പെട്ടു. തുടർന്നു വന്ന പ്രസിഡണ്ട് ലിൻഡൻ ബി ജോൺസൺ തെക്കൻ വിയറ്റ്നാമിനുള്ള സഹായം തുടരുമെന്ന് പ്രഖ്യാപിച്ചു. വിയറ്റ്നാമിലേക്ക് കൂടുതൽ അമേരിക്കൻ പട്ടാളം എത്തുകയും ചെയ്തു. 1965 അവസാനിക്കുമ്പോൾ അവരുടെ എണ്ണം 1,84,000 ആയി ഉയർന്നു. വടക്കൻ വിയറ്റ്നാം സേനയും കർഷകരും തൊഴിലാളികളുമടങ്ങുന്ന വിപ്ലവകാരികളും വിയറ്റ് കോങ്ങുകളുമെല്ലാം ഒരുമിച്ചാണ് അമേരിക്കൻ സേനയെ നേരിട്ടത്. നേരിട്ടുള്ള യുദ്ധവും ഒളിപ്പോരും വിയറ്റ്നാമിനെ കുരുതിപ്പറമ്പാക്കി മാറ്റി. ഇരുവശത്തും കനത്ത ആൾ നാശവുമുണ്ടായി. ഒളിപ്പോരിനുമുമ്പിൽ അമേരിക്ക വശംകെട്ടു. ഇതോടെ



*വിയറ്റ്നാം യുദ്ധഭൂമിയിലെ അമേരിക്കൻ പട്ടാളക്കാർ*

വടക്കൻ വിയറ്റ്നാമിലെ ഹോചിമെന്റെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് ഭരണകൂടവുമായുള്ള അസ്വാരസ്യങ്ങൾക്ക് ഇതുവഴിവച്ചു. എന്നാൽ പ്രധാനമന്ത്രിയായിരുന്ന എൻദോദിത്ത് ദിയെ രാജാവിനെ അട്ടിമറിച്ച് സ്വയം പ്രസിഡണ്ടായി പ്രഖ്യാപനം നടത്തി. ഇതിനെതിരെ ശബ്ദമുയർത്തിയവരെ അടിച്ചൊതുക്കി. പക്ഷെ വിയറ്റ് കോങ് എന്ന പേരിൽ രൂപംകൊണ്ട ദേശീയ പ്രസ്ഥാനം പ്രക്ഷോഭം ശക്തമായി മുന്നോട്ടുകൊണ്ടുപോയി.

1955 നവംബർ ഒന്നിന് പ്രസിഡണ്ട് ഐസനോവറുടെ നിർദ്ദേശപ്രകാരം അമേരിക്കൻ സൈന്യം തെക്കൻ വിയറ്റ്നാം സൈന്യത്തിന് പരിശീലനം നല്കിത്തുടങ്ങി. ഇതോടെയാണ് വിയറ്റ്നാമിൽ അമേരിക്കയുടെ ഔദ്യോഗിക ഇടപെടൽ ആരംഭിച്ചത്. അമേരിക്കൻ പ്രസിഡണ്ട് ജോൺ എഫ്.കെന്നഡി സൈനിക സഹായം ശക്തമാക്കി. ഒളിഞ്ഞും തെളിഞ്ഞുമുള്ളയുദ്ധം തുടരുന്നതിനിടയിൽ1963 നവംബർ രണ്ടിന് വിപ്ലവകാരികൾ തെക്കൻ വിയറ്റ്നാം പ്രസിഡണ്ട് ദിയമിനെ വധിച്ചു. ഇതോടെ രാജ്യം അസ്ഥിരമായി.

അമേരിക്ക വീണ്ടും പട്ടാളത്തെ എത്തിച്ചു. 1966ൽ ഓഗസ്റ്റിൽ4,29,000 അമേരിക്കൻ പട്ടാളക്കാർ വിയറ്റ്നാമിലുണ്ടായിരുന്നു. എന്നാൽ ആ സൈനികശക്തിക്കെതിരെ നിർണായക വിജയങ്ങൾ നേടാൻ വടക്കൻ വിയറ്റ്നാമിന്റെ പട്ടിണിപ്പടയ്ക്ക് കഴിഞ്ഞു. യുദ്ധം ഇൻഡോ ചൈന മുഴുവൻ വ്യാപിക്കുകയും ചെയ്തു.

വിയറ്റ്നാമിൽ നടത്തുന്ന യുദ്ധത്തിനെതിരെ അമേരിക്കയിൽ ജനരോഷം ഇരമ്പുകയായിരുന്നു. ഒരിക്കലും ജയിക്കാനാകാത്തയുദ്ധത്തിലാണ് തങ്ങൾ ഇടപെട്ടിരിക്കുന്നതെന്ന് അപ്പോഴേക്കും അമേരിക്കയ്ക്കു ബോധ്യപെട്ടു തുടങ്ങുകയും ചെയ്തു. റിച്ചാർഡ് നിക്സൺ പ്രസിഡണ്ടായതോടെ അമേരിക്ക വിയറ്റ്നാമിൽ നിന്ന് ക്രമേണ പിൻവാങ്ങാൻ ശ്രമിച്ചു.

തുടർച്ചയായ പരാജയങ്ങളാണ് അമേരിക്കയെ പിൻവാങ്ങാൻ പ്രേരിപ്പിച്ചത്. 1970 ആയപ്പോഴേക്കും യുദ്ധം വിയറ്റ്നാമിൽ നിന്ന് അയൽ രാജ്യങ്ങളായ ലാവോസിലേക്കും കംബോഡിയയിലേക്കും വ്യാപിച്ചു കഴിഞ്ഞിരുന്നു. 1970 ഒക്ടോബർ 12ന് 40,000 പട്ടാളക്കാർ ക്രിസ്മസിനുമുമ്പ് പിൻവാങ്ങുമെന്ന് പ്രസിഡണ്ട് നിക്സൺ പ്രഖ്യാപിച്ചു.

അമേരിക്കയെ സഹായിക്കാനായി പട്ടാളത്തെ അയച്ചിരുന്ന ഓസ്ട്രേലിയയും ന്യൂസിലാൻഡും 1971ൽ പിൻവാങ്ങാൻ തീരുമാനിച്ചു. സമാധാന ചർച്ച നടത്തി തലയൂരുകയായിരുന്നു നിക്സന്റെ ലക്ഷ്യം. പക്ഷേ, വടക്കൻ വിയറ്റ്നാം വഴങ്ങിയില്ല. സേനാ പിന്മാറ്റത്തിനിടയിൽത്തന്നെ വടക്കൻ വിയറ്റ്നാമിൽ തുടർച്ചയായ ബോംബാക്രമണം നടത്താനാണ് നികസൺ ഉത്തരവിട്ടത്. ബി 52 ബോബർ വിമാനങ്ങൾ ഉപയോഗിച്ച് 1972 ഡിസംബർ 18നു തുടങ്ങിയ ആക്രമണം 29 വരെ തുടർന്നു. ഹാനോയ്, ഹയ്ഹോങ് നഗരങ്ങളിൽ വൻ നാശമുണ്ടായി.

1973 ജനുവരി 15 ന് വടക്കൻവിയറ്റ്നാമിലെ യുദ്ധം അമേരിക്ക നിർത്തിവച്ചു. ജനുവരി 27ന് പാരീസിൽ വച്ച് സമാധാനകരാർ ഒപ്പുവച്ചു. പക്ഷേ അപ്പോഴും വിയറ്റ്നാമിൽ യുദ്ധം തുടർന്നുകൊണ്ടിരുന്നു. ഫെബ്രുവരി11ന് എല്ലാ അമേരിക്കൻ തടവുകാരെയും വടക്കൻ വിയറ്റ്നാംമോചിപ്പിച്ചു. മാർച്ച് 29 ന് മുമ്പ് എല്ലാ പട്ടാളക്കാരും ഒഴിഞ്ഞുപോരാൻ അമേരിക്കയും ഉത്തരവിട്ടു. തിരിച്ചെത്തിയവർക്ക് പതിവുപോലെ വീരോചിതസ്വീകരണം നല്കാൻ അമേരിക്കൻ ജനത തയ്യാറായില്ല.

**ലോ**കത്തെ ഏറ്റവും വലിയ ശക്തിയായ അമേരിക്കയുടെ സൈന്യം, സാമ്പത്തികമായും സാങ്കേതികമായും അവരുടെ ഏഴയലത്തുപോലും എത്താത്ത വടക്കൻ വിയറ്റ്നാമിന്റെ സൈന്യത്തോട് അടിയറവുപറഞ്ഞ് പിൻമാറിയ യുദ്ധമെന്ന നിലയിൽ വിയറ്റ്നാം യുദ്ധത്തിന് ചരിത്രത്തിൽ ഉള്ള സ്ഥാനം എക്കാലവും ചർച്ചാവിഷയമാണ്. അതോടൊപ്പം ആ യുദ്ധത്തിന്റെ ജീവിക്കുന്ന രക്തസാക്ഷികളായി ഇന്നും ലക്ഷക്കണക്കിന് മനുഷ്യർ ലോകത്തിനു മുന്നിൽ മുന്നറിയിപ്പായി നില്ക്കുന്നു.



*റോബർട്ട് മക്നമാര*

വിയറ്റ്നാം യുദ്ധത്തിന്റെ ഭീകരസ്മരണകളും മനസ്സിനെ മരവിപ്പിക്കുന്ന യുദ്ധദൃശ്യങ്ങളും വീണ്ടും സജീവചർച്ചാവിഷയമായിരിക്കുന്നു. ജൂലൈ 6ന് പെന്റഗണിന്റെ മുൻ തലവനായ റോബർട്ട് മക്നമാര അന്തരിച്ചതോടെയാണിത്. 93 വയസ്സുണ്ടായിരുന്ന അദ്ദേഹം വിയറ്റ്നാം യുദ്ധവേളയിൽ യുഎസ് പ്രതിരോധ സെക്രട്ടറിയായിരുന്നു.

പെന്റഗണിന്റെ മേധാവിയായി ചുമതലയേറ്റെടുക്കുന്നതിനു മുമ്പ് അദ്ദേഹം പ്രമുഖ വാഹനനിർമാണ കമ്പനിയായ ഫോർഡിന്റെ പ്രസിഡണ്ടായിരുന്നു. 1961ൽ അദ്ദേഹം അമേരിക്കയുടെ പ്രതിരോധ സെക്രട്ടറിയായി.

1967ൽ വടക്കൻ വിയറ്റ്നാമിലെ തെക്കൻ പ്രവിശ്യയിൽ അമേരിക്കൻ അധിനിവേശത്തിനെതിരെ നടന്ന പ്രകടനത്തെ ലക്ഷ്യമാക്കി ബോംബാക്രമണം നടത്തിയതിൽ ലോകമെമ്പാടും വൻ പ്രതിഷേധമുണ്ടായി. ഇതിനെത്തുടർന്ന് റോബർട്ട് മക്നമാരയെ പ്രതിരോധസെക്രട്ടറി സ്ഥാനത്തുനിന്നും നീക്കുവാൻ അന്നത്തെ പ്രസിഡണ്ടായിരുന്ന ലിൻഡൻ ബി.ജോൺസൺ നിർബന്ധിതനായി. പ്രതിരോധ സെക്രട്ടറി പദവിയിൽനിന്നും പടിയിറങ്ങിയ മക്നമാറയെ ലോകബാങ്കിന്റെ പ്രസിഡണ്ടു പദമാണ് കാത്തിരുന്നത്. 1981 മുതൽ അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച് വിശ്രമജീവിതം നയിക്കുകയായിരുന്നു.

## വിയറ്റ്നാം യുദ്ധകാലത്തെ അമേരിക്കൻ പ്രസിഡണ്ടുമാർ



*ജോൺ എഫ്.കെന്നഡി*



*ലിൻഡൺ ബി.ജോൺസൺ*



*റിച്ചാർഡ് നിക്സൺ*


Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK